കെ. എസ്. ഇ. ബി. യിലെ കമ്പ്യൂട്ടർ വിഭാഗം

82 (1749) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ. എസ്. ഇ. ബി. യിൽ ഇതുവരെ എന്തു തുകയുടെ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയെന്ന് വെളിപ്പെടുത്തുമോ ;

(ബി) കെ. എസ്. ഇ. ബി. യിലെ കമ്പ്യൂട്ടർ വിഭാഗം ഏത് ഉദ്യോഗസ്ഥന്റെ നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നതെന്ന് വെളിപ്പെടുത്താമോ ;

(സി) കെ. എസ്. ഇ. ബി. യിൽ കമ്പ്യൂട്ടർ സോഫ്റ്റ്വെയർ എഞ്ചിനീയറിംഗിൽ ബിരുദം നേടിയ എത്ര എഞ്ചിനീയർമാരുണ്ടെന്നും അവർ ആരെല്ലാമാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 84,89,586 രൂപയുടെ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്.

(ബി) കോർപ്പറേറ്റ് ആന്റ് പ്ലാനിംഗ് വിഭാഗം ചീഫ് എഞ്ചിനീയറുടെ നിയന്ത്രണത്തിൽ.

(സി) കെ. എസ്. ഇ. ബി. യിൽ സോഫ്റ്റ്വെയർ എഞ്ചിനീയറിംഗിൽ ബിരുദം നേടിയവരിൽ നിന്ന് ഇപ്പോൾ നിയമനങ്ങൾ നടത്താറില്ല. അതിനാൽ പരിശോധിച്ചിട്ടില്ല.

വൈദ്യുതി വിതരണ നഷ്ടം

83 (1750) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിനുണ്ടാകുന്ന വൈദ്യുതി വിതരണ നഷ്ടം എത്രയെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇത് മറ്റു സംസ്ഥാനങ്ങളിലേതുമായി താരതമ്യപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(സി) വിതരണത്തിൽ വരുന്ന നഷ്ടം കുറയ്ക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) അതിന്റെ ഫലമായി എത്ര കണ്ട് നഷ്ടം കുറഞ്ഞിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിതരണ നഷ്ടം മാത്രമായി കണക്കാക്കാനുള്ള സംവിധാനം ഇപ്പോൾ ബോർഡിൽ നിലവിലില്ല. പ്രസരണ-വിതരണ നഷ്ടം 17.75 ശതമാനമായി കണക്കാക്കിയിരിക്കുന്നു.

(ബി) ഇല്ല. എന്നാൽ സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി 1996-97-ലെ അഖിലേന്ത്യാ ശരാശരി കണക്കാക്കിയിട്ടുള്ളത് 24.53% ആയിരുന്നു. അക്കൊല്ലം സംസ്ഥാനത്ത് 19.96% ആയിരുന്നു.

(സി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പ്രസരണ വിതരണ നഷ്ടം 20.05% ആയിരുന്നത് 1998-99-ൽ 17.75% ആയി കുറഞ്ഞിട്ടുണ്ട്.

ഇൻഫർമേഷൻ ടെക്നോളജിയുടെ വികസനം

84 (1751) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഫർമേഷൻ ടെക്നോളജിയുടെ വികസനത്തിന്റെ ഭാഗമായി കെ. എസ്. ഇ. ബി. യിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) ഇതിനായി ചുമതലയേൽപ്പിച്ചിരിക്കുന്നത് ഏത് ഉദ്യോഗസ്ഥനെയാണ് ;

(സി) ഇതുമായി ബന്ധപ്പെട്ട വിഷയത്തിൽ പ്രത്യേകം ബിരുദം നേടിയ എത്ര എഞ്ചിനീയർമാർ കെ. എസ്. ഇ. ബി. യിൽ ഉണ്ട് ; അവർ ആരെല്ലാം ;

(ഡി) നിർദ്ദിഷ്ട യോഗ്യതയുള്ളവരെ നിയമിച്ച് ഇൻഫർമേഷൻ ടെക്നോളജിയുടെ പ്രത്യേക വിഭാഗം രൂപീകരിച്ചു വിപുലീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കെ. എസ്. ഇ. ബി.യിൽ ഒരു ഉന്നതാധികാര സമിതി രൂപീകരിച്ച് വിവര സാങ്കേതിക വിദ്യാനയം രൂപപ്പെടുത്തുകയും ഏകോപിച്ചുള്ള നടപ്പിലാക്കൽ ലക്ഷ്യമിടുകയും ചെയ്യുന്നു. എച്ച്റ്റി/ഇ.എച്ച്റ്റി ബില്ലിംഗ് കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്. മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം പ്രാവർത്തികമാക്കിയിട്ടുണ്ട്. ഇന്റർനെറ്റ് സൗകര്യം ലഭിച്ചിട്ടുണ്ട്.

(ബി) ചീഫ് എഞ്ചിനീയർ (കോർപ്പറേറ്റ് പ്ലാനിംഗ്)

(സി&ഡി) ഇൻഫർമേഷൻ ടെക്നോളജിയുമായി ബന്ധപ്പെട്ട വിഷയത്തിൽ ബിരുദം നേടിയ എൻജിനീയർമാരെ കെ. എസ്. ഇ. ബി. യിൽ നിയമിച്ചിട്ടില്ല. എങ്കിലും ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly